# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2051

## 16-08-2017 ൽ മറുപടിക്ക്

## ആലത്തൂരിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം<br>ശ്രീ. കെ.ഡി.പ്രസേനൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ;<br>(ബി) ഏതെല്ലാം പദ്ധതികൾക്കാണ് നിലവിൽ ഭരണാനുമതി ലഭിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | ആലത്തൂർ നിയോജക മണ്ഡലത്തിൽ ജലസേചനം, ആരോഗ്യം, പൊതുമരാമത്ത് എന്നീ മേഖലകളിൽ നിന്നായി 3 പദ്ധതികളാണ് 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപന പ്രകാരവും 2017-18 ലെ ബഡ്ജറ്റ് പ്രഖ്യാപന പ്രകാരവും ഇതുവരെ കിഫ്ബിയിൽ സമർപ്പിക്കപ്പെട്ടിട്ടുള്ളത്. ടി പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. ഇവയുടെ ഭരണാനുമതിയാണ് കിഫ്ബിയിൽ ലഭിച്ചിട്ടുള്ളത്. |
| (സി) ഭരണാനുമതി ലഭിച്ചിട്ടുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ? | ബന്ധപ്പെട്ട ഭരണവകുപ്പ് പുറപ്പെടുവിച്ച ഭരണാനുമതിയോടു കൂടിയ പദ്ധതികളുടെ ഡി.പി.ആർ ഉൾപ്പെടെയുള്ള പദ്ധതി വിശദാംശങ്ങൾ കിഫ്ബിയിൽ സമർപ്പിക്കുന്ന പക്ഷം 8.8.2016 ലെ സ.ഉ.(കൈ) നം. 315/16/ധന ഉത്തരവിലെ മാനദണ്ഡങ്ങൾക്കു വിധേയമായി പദ്ധതി അവലോകന വിഭാഗം അവയുടെ സൂക്ഷ്മ പരിശോധന നടത്തുകയും യോഗ്യമായവയെ വരും കിഫ്ബോർഡ് യോഗങ്ങളിൽ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യുന്നു. അംഗീകാരത്തിനു വിധേയമായി ബന്ധപ്പെട്ട എസ്.പി.വി/ഭരണവകുപ്പ് ടെൻഡർ/സ്ഥലമെടുപ്പ് ഉൾപ്പെടെയുള്ള നടപടികൾ പൂർത്തിയാക്കി ആവശ്യമായ ഡിമാന്റ്/ബില്ലുകൾ കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് കിഫ്ബിയിൽ നിന്നും കോൺട്രാക്ടർ, സപ്ലയർ, സേവനദാതാവ് എന്നിവരുടെ അക്കൗണ്ടിലേക്ക് തുക നേരിട്ട് നിക്ഷേപിക്കപ്പെടുന്നു. ഈ നൂതന സംവിധാനമനുസരിച്ച് കാലതാമസം കൂടാതെ പദ്ധതികൾ നടപ്പിലാക്കപ്പെടുന്നു. |

സെക്ഷൻ ഓഫീസർ

**List of projects in Alathur Constituency**

| Sl No. | Department name | Main Project | Sub project | Budget Speech | AS details | Status |
|---|---|---|---|---|---|---|
| 1 | Water Resources | Distribution Systems in nine projects | Augmentation of Nenmara, Ayiloor, Melarcode Water scheme in Chittur and Alathur Taluk | 2016-17 | G.O(Rt)No.843/16/WRD dated 27/10/2016 | Tendered |
| 2 | Health & Family Welfare | Cath Labs, Basic Infrastructure in MCC, KCC, MHH Thiruvananthapuram, Kozhikode (100) | Setting up of Dialysis Centres - (THQH Alathur) | 2016-17 | G.O(Rt)No.2587/16/H&FWD dated 21/09/2016 | Work awarded |
| 3 | PWD | 182 Roads | Alathur Parakunnam bridge and Approach road | 2017-18 | Administrative Department has not made available the details/copy of AS issued till date | Not submitted to KIIFB |